(6) കാസർകോട് പെരുമ്പളക്കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. സി. ടി. അഹമ്മദ് അലി: കാസർകോട് 1995-ൽ അനുവദിച്ച പെരുമ്പളക്കടവ് പാലത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥലമെടുപ്പിനുള്ള അനുമതിയും പുതിയ ഡിസൈനും പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിക്കുന്നതിനും നബാർഡിന്റെ സഹായം എത്രയും വേഗത്തിൽ ലഭ്യമാക്കാനുമാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, ഈ പാലത്തിന് എ.എസ്.-ഉം എസ്. എസ്.-ഉം നൽകിയിരുന്നു. ചില സാങ്കേതിക കാരണങ്ങളാലും ഫണ്ടിന്റെ അപര്യാപ്തത മൂലവും നിർമ്മാണ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. നബാർഡിൽ നിന്നും സാമ്പത്തിക സഹായം നേടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്.

(7) പുനരധിവസിപ്പിക്കപ്പെട്ട ചേരി പുറമ്പോക്ക്, നാല് സെന്റ് കോളനി, ലക്ഷംവീട് കോളനി നിവാസികൾക്ക് പട്ടയം നൽകാൻ അടിയന്തിര നടപടി

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പുനരധിവസിപ്പിക്കപ്പെട്ട പുറമ്പോക്ക് നിവാസികൾ, ചേരിനിവാസികൾ എന്നിവർക്കും ലക്ഷംവീട് കോളനികളിലേയും നാല് സെന്റ് കോളനികളിലേയും താമസക്കാരായിട്ടുള്ള ജനങ്ങൾക്കും പട്ടയവും കൈവശാവകാശരേഖയും ലഭിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും ഒരു സഹായവും, ആനുകൂല്യവും ലഭിക്കുന്നില്ല. അവർക്ക് അത് നിഷേധിക്കപ്പെടുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഇവർക്ക് പട്ടയവും കൈവശാവകാശ രേഖയും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പുറമ്പോക്ക് നിവാസികൾക്കും സമയബന്ധിതമായി പട്ടയം കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. അതനുസരിച്ചുള്ള നടപടികൾ നീക്കുകയാണ്. പട്ടയം കൊടുക്കാൻ പറ്റാത്ത കേസുകളിൽ കൈവശരേഖയെങ്കിലും കൊടുക്കാം.

(8) തൃക്കരിപ്പൂർ മണ്ഡലത്തിൽ വലിയ പറമ്പ പഞ്ചായത്ത് പുനഃസംഘടിപ്പിച്ച് പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി

ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ വലിയ പറമ്പ ദ്വീപ് പഞ്ചായത്തിൽ സ്വന്തമായി ഇപ്പോഴും വില്ലേജാഫീസില്ലാത്ത സ്ഥിതിയാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ വില്ലേജിന് പുറത്തുള്ള പടന്ന, നോർത്ത് തൃക്കരിപ്പൂർ, സൗത്ത് തൃക്കരിപ്പൂർ എന്നീ വില്ലേജുകളെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് ഈ പഞ്ചായത്തിനു മാത്രമായി ഒരു വില്ലേജാഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കണം.

LIBRARY ARCHIVES Kerala Legislative Assembly